# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1697 — 03.10.2011-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ. കെ. എം. മാണി<br>ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പുമന്ത്രി |

## വയനാട് ജില്ലയ്ക്ക് വികസന പദ്ധതികൾ

| | ചോദ്യം | ഉത്തരം |
| --- | --- | --- |
| (എ) | സംസ്ഥാനത്തിൻെറ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര കോടി രൂപയാണ് 2011-12 വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി മൂലധന കണക്കിനത്തിൽ 3834.69 കോടി രൂപയും വായ്പകളും മുൻകൂറുകളും ഇനത്തിൽ 1129.13 കോടി രൂപയുമാണ് 2011-12 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. |
| (ബി) | വയനാട് ജില്ലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതെല്ലാം പദ്ധതികളാണ് ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് നിയോജകമണ്ഡലം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | 1. പൊതുമരാമത്തു വകുപ്പ് കെട്ടിട വിഭാഗം വഴി വയനാട് ജില്ലയിലെ വിവിധ നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്നതിനായി ഈ വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ താഴെ പറയുന്നവയാണ്.<br>**(എ) കല്പറ്റ :** 33 പദ്ധതികൾക്കായി 7.33 കോടി രൂപ ഈ വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br>**(ബി) മാനന്തവാടി :** 43 പദ്ധതികൾക്കായി 19.44 കോടി രൂപ ഈ വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br>**(സി) സുൽത്താൻബത്തേരി :** 21 പദ്ധതികൾക്കായി 5.94 കോടി രൂപ ഈ വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

2

- മാനന്തവാടി അഡീഷണൽ, പനമരം അഡീഷണൽ എന്നീ രണ്ട് ഐ.സി.ഡി.എസ്. പ്രോജക്ടുകളിലെ ഓരോ അംഗണവാടികൾക്ക് കെട്ടിടനിർമ്മാണത്തിന് 3.5 ലക്ഷം രൂപവീതം 7 ലക്ഷം രൂപ.
- ജലസേചനത്തിനും കുടിവെള്ള ലഭ്യതയ്ക്കുമായി കൂടൽക്കാവ് ചെക്ക്ഡാം നിർമ്മാണം, മായങ്കൽ തോടിനു കുറുകെ ചെക്ക്ഡാം നിർമ്മാണം, പനമരം പഞ്ചായത്തിൽ നീർവാരത്ത് ചെക്ക് ഡാം നിർമ്മാണം, ആനോത്ത് നദിക്കു കുറുകെ ചെക്ക് ഡാം നിർമ്മാണം.
- ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മാണത്തിനായി ഒരു കോടി രൂപ.
- കല്പറ്റ ഐ.ടി.ഐ.യിലെ മികവിൻെറ കേന്ദ്രം പദ്ധതിക്കായി 16.50 ലക്ഷം രൂപയുടെ പദ്ധതി.
- സുൽത്താൻബത്തേരി നിയോജക മണ്ഡലത്തിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ ആർച്ചറി അക്കാദമിയ്ക്കായി 10 ലക്ഷം രൂപ.

| | | |
|---|---|---|
| സി | വികസന കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന വയനാട് ജില്ലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ? | പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ